**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 4630 26.10.2016 ന് മറുപടിയ്ക്ക്.

**ഇക്കോട്ടൂറിസം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.സ്വരാജ്<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ.എസ്.രാജേന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പരിസ്ഥിതി വിദ്യാഭ്യാസം നൽകുന്നതിനും ഉതകും വിധം ഇക്കോട്ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **(എ)** പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പരിസ്ഥിതി വിദ്യാഭ്യാസം നല്കുന്നതിനും വനാശ്രിത സമൂഹത്തിലെ ആദിവാസികൾ അംഗങ്ങളായിട്ടുള്ള വനസംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവകളിൽ നിന്നും കൂടുതൽ ആളുകളെ ഗൈഡുകളായി നിയമിക്കുന്നതാണ്. കൂടാതെ പരിസ്ഥിതി പാഠങ്ങൾ ജനങ്ങൾക്ക പകർന്നു നല്കുന്നതിന് നിലവിലെ ഇന്റർപ്രെട്ടേഷൻ സെന്ററുകളിൽ സൗകര്യമൊരുക്കുന്നുണ്ട്. |
| (ബി) തദ്ദേശീയരായ ആളുകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അവർക്ക് തൊഴിൽ പ്രദാനം ചെയ്യുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | **(ബി)** വനാശ്രിത സമൂഹത്തിലെ ആദിവാസികൾ അംഗങ്ങളായിട്ടുള്ള വനസംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴിയാണ് ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. തദ്ദേശീയരായ ആളുകളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്റെ മുന്നോടിയായി ഇത്തരം സ്ഥലങ്ങളിൽ ഇക്കോട്ടൂറിസം കൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക സാമൂഹിക പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാറുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | **(സി)** ഇക്കോ ടൂറിസം കൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക സാമൂഹിക പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ